● ആമുഖം

# തകർന്നു വീഴുന്ന മുതലാളിത്തം

ആധുനിക യുഗത്തിൽ നമ്മുടെ കൺവെട്ടത്ത് വച്ചാണ് കമ്യൂണിസത്തിന്റെ ഈറ്റില്ലമായിരുന്ന സോവിയറ്റ് യൂനിയൻ ഒരു ശീട്ടുകൊട്ടാരം പോലെ തകർന്നുവീണത്. ആ കൃത്രിമ സൂര്യനുചുറ്റും കറങ്ങിക്കൊണ്ടിരുന്ന മറ്റു സോഷ്യലിസ്റ്റു രാഷ്ട്ര ഗ്രഹങ്ങളും അതോടൊപ്പം തകർന്നുവീണു. ധ്രുവ ദ്വന്ദത്തിൽ രണ്ടാമത്തേതായ മുതലാളിത്തത്തിന്റെ നേരെയാണ് പിന്നെ രാഷ്ട്രങ്ങൾ കണ്ണയച്ചത്. ഇത്തിരി ഹുങ്കോടെ മുതലാളിത്തം ഒന്നു നിവർന്നിരുന്നു. പക്ഷെ തിരിഞ്ഞുനോക്കുമ്പോൾ ഏകഛത്രാധിപത്യ സിംഹാസനത്തിന്റെ കാലുകൾ പഴകിദ്രവിച്ചു ചിതലരിച്ചു വീഴാൻ പോവുകയാണ്. മുതലാളിത്തത്തിന്റെ ഈറ്റില്ലങ്ങളായ അമേരിക്കയിലും ഗ്രീസിലുമൊക്കെത്തന്നെയാണ് ഈ കെടുമ്പുകൾ ആദ്യമായി പ്രകടമാവുന്നത്. പലിശയെന്ന നീരാളി സാമാന്യ ജനത്തെ വരിഞ്ഞുമുറുക്കിയിരിക്കുന്നു. തൊഴിലില്ലായ്മയും ദാരിദ്ര്യവും സാധാരണക്കാരന്റെ മുഖത്ത് നോക്കി പല്ലിളിക്കുന്നു. അപ്പോഴും ഒരു പിടി കുത്തകക്കാർ തടിച്ചുകൊഴുത്തു മാടമ്പികളായി മദിച്ചു നടക്കുകയാണ്. സ്വാർത്ഥവും ചൂഷണവുമാണ് അവരെ ഭരിക്കുന്ന മനോവികാരം. സഹികെട്ട് ജനം തെരുവിലിറങ്ങിയിരിക്കയാണ്. മുതലാളിത്തമാകുന്ന രാക്ഷസ ഭീമനിൽ നിന്നു അഭയം തേടുകയാണവർ. ഇനി ആരാണ് ഒരു മോചകൻ? എവിടെയാണ് ഒരവലംബം?

അങ്ങു വിദൂരതയിൽ ഒരു വെള്ളിവെളിച്ചം കാണാനുണ്ട്. സാമ്രാജ്യത്വ-ഏകാധിപത്യ ശക്തികൾ അധികാരവും കുതന്ത്രവും ഉപയോഗിച്ചു മറച്ചുവെച്ച ഇസ്‌ലാമിനല്ലാതെ മറ്റാർക്കാണ് ഇവിടെ ഇനി വെളിച്ചം വിതറുവാൻ കെൽപ്പുള്ളത്? നിലനിൽക്കാൻ അർഹതയുള്ള, ബലിഷ്ഠമായ, ചിതലരിക്കാത്ത കാലുകൾ അതിന്റെ സിംഹാസനത്തിനേയുള്ളൂ. ഇത് കേവലമായ അവകാശവാദമല്ല. മറിച്ചു യാഥാർത്ഥ്യബോധമാണ്. കാരണങ്ങൾ വ്യക്തം.

വ്യക്തികൾക്ക് ഉടമാവകാശം അതനുവദിച്ചിരിക്കുന്നു. നിരുപാധികമായ ഉടമാവകാശമല്ല. ദൈവത്തിന്റെ പ്രാതിനിധ്യാവകാശം. ദൈവമാണ് യഥാർത്ഥ ഉടമ. മനുഷ്യൻ അവന്റെ പ്രതിനിധി. ഈ സങ്കൽപം തന്നെ മുതലാളിത്തത്തിന്റെ മുനയൊടിച്ചു കളയുന്നു. 'ഞാൻ', 'എന്റെ' എന്ന വിചാരമാണ് അവനെ അതിക്രമിയും അഹങ്കാരിയുമാക്കുന്നത്. ഖുർആൻ പറയുന്നു: 'തന്നെ പരാശ്രയമില്ലാത്തവനായി കാണുമ്പോൾ മനുഷ്യൻ അതിക്രമകാരിയായി മാറുന്നു'.

സമ്പാദ്യത്തിന്റെ ഒരു മാർഗമെന്ന നിലയിൽ തൊഴിലെടുക്കാനും തൊഴിലെടുപ്പിക്കാനും ഇസ്‌ലാം അവകാശം നൽകുന്നുണ്ട്. എന്നാൽ ഒരു മേഖലയിലും ചൂഷണം അനുവദിക്കുന്നില്ല. തൊഴിലുടമയെപ്പോലെ തൊഴിലാളിയും അവകാശത്തെക്കുറിച്ചെന്നപോലെ ബാധ്യതയെക്കുറിച്ചും ബോധവാനായിരിക്കണം. മുതലാളിത്തവുമായി ഇസ്‌ലാം വേർപിരിയുന്ന മറ്റൊരു മേഖലയാണിത്.

ഒരു വശത്ത് ഉടമാവകാശം നേടിയെടുക്കാനും നിലനിർത്താനും നിരവധി മാർഗങ്ങൾ ഇസ്‌ലാം വ്യക്തികൾക്കു തുറന്നുകൊടുക്കുമ്പോൾ, മറുവശത്ത് സമ്പാദ്യം തീർത്തും നീതിപൂർവകവും ധർമ്മനിഷ്ഠവുമായിരിക്കണമെന്ന് നിബന്ധന വെക്കുന്നു. പലിശ, പൂഴ്ത്തിവെപ്പ്, ചൂതാട്ടം, വഞ്ചന, ഊഹക്കച്ചവടം തുടങ്ങിയ മുതലാളിത്തത്തിന്റെ ജുഗുപ്സാവഹമായ ധനാഗമ മാർഗങ്ങൾ ഒരു നിലക്കും അനുവദിക്കുന്നുമില്ല.

വ്യക്തിയുടമാവകാശം പൊതുതാൽപര്യത്തിനു വഴിമാറിക്കൊടുക്കുന്നുവെന്നതാണ് ഇസ്‌ലാമിന്റെ അതിജീവനത്തിനു കാരണമാവുന്ന മറ്റൊരു കാര്യം. ഇതുപോലെ, എല്ലാവർക്കും ഒരുപോലെ അവശ്യം ആവശ്യമായ പ്രകൃതി വിഭവങ്ങൾ ഒരുകൂട്ടർ മാത്രം കുത്തകയാക്കുന്നതും ഇസ്‌ലാം അനുവദിക്കുന്നില്ല. കയ്യിലുള്ള സമ്പത്ത് നശിക്കാനിടവരുത്തുന്നതും ബോധപൂർവ്വം നശിപ്പിക്കുന്നതും കുറ്റകരമാണ്. ഉപയോഗയോഗ്യമായ അസംസ്കൃത വസ്തുക്കൾ നിസ്സാരമാണെങ്കിൽ പോലും പാഴാക്കിക്കളയരുതെന്നാണ് നബിതിരുമേനിയുടെ അധ്യാപനം.

സമ്പത്തിൽ അവശരും ആലംബഹീനരുമായ സഹജീവികൾക്കു അവകാശങ്ങൾ നിശ്ചയിച്ചുവെന്നതാണ് ഇസ്‌ലാമിന്റെ ഏറ്റവും പ്രകടമായ മറ്റൊരു പ്രത്യേകത. ഇത് വ്യക്തികളുടെ മനോധർമ്മത്തിന് വിട്ടുകൊടുക്കാതെ സമ്പത്തിന്റെ എല്ലാ ഇനങ്ങളിലും വ്യക്തവും കൃത്യവുമായ വിഹിതം തന്നെ നിശ്ചയിച്ചിരിക്കുന്നു. വ്യക്തമായ അനന്തരാവകാശ വ്യവസ്ഥയും ഇതുപോലെത്തന്നെ സമ്പത്തിന്റെ കേന്ദ്രീകരണം തടയുന്ന മൗലിക ഘടകങ്ങളാണ്.

കമ്യൂണിസത്തിനും മുതലാളിത്തത്തിനും അവകാശപ്പെടാനില്ലാത്തതും, അതിജീവിക്കാൻ അർഹത നേടിക്കൊടുക്കുന്നതുമായ ഇസ്‌ലാമിന്റെ അനേകം സവിശേഷതകളിൽ ചിലതാണിവ. അതിനാൽ മനുഷ്യരാശിയുടെ ഇരുൾ മുറ്റിയ മാർഗത്തിൽ വെളിച്ചം വിതറുവാൻ കെൽപുറ്റ പ്രകാശമാനമായ ഒരേയൊരു നക്ഷത്രമാണിതെന്നു പറയുന്നതിൽ അത്യുക്തി ഒട്ടും തന്നെയില്ല. ലോകത്തെ അടക്കിഭരിച്ച രണ്ടു സജീവ സാമ്പത്തിക സിദ്ധാന്തങ്ങൾ നിലനിൽക്കാൻ അർഹമല്ലാതെ കടപുഴകി നടുവൊടിഞ്ഞു മറിഞ്ഞുവീണുകൊണ്ടിരിക്കെ ദൈവപ്രോക്തമായ ഇസ്‌ലാമല്ലാതെ മനുഷ്യനു പരീക്ഷിക്കാൻ ഇനി മറ്റേത് സാമ്പത്തിക വ്യവസ്ഥയാണുള്ളത്? ഇസ്‌ലാമാവട്ടെ, നിലനിൽക്കാനുള്ള അതിന്റെ അർഹത മുതലാളിത്തത്തിന്റെ പ്രഭാവത്തിനിടയിൽ പോലും തെളിയിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ■